പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2976 07.12.2018 -ൽ മറുപടിയ്ക്ക്.

## തൊഴിൽ നൈപുണ്യ പരിശീലന നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>,, സജി ചെറിയാൻ<br>,, കെ. ബാബു<br>,, യു. ആർ. പ്രദീപ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) 13-ാം പഞ്ചവത്സര പദ്ധതി അവസാനത്തോടെ അഞ്ചുലക്ഷം യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനം ലഭ്യമാക്കുമെന്ന നയം പ്രാവർത്തികമാക്കാനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിനായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ നേതൃത്വത്തിൽ വിവിധ നൈപുണ്യ പരിശീലന പരിപാടികൾ നടത്തി വരുന്നു. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെടുത്തി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ, അക്കാദമിക്ക് രൂപം നൽകി ചവറയിൽ പ്രവർത്തനമാരംഭിച്ചു. കൊല്ലം ജില്ലയിൽ തന്നെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്ന കേരളസ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന കൗശൽ കേന്ദ്രങ്ങൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡവലപ്മെന്റ് കേന്ദ്രങ്ങൾ, KASE ന്റെ കീഴിൽ അക്രഡിറ്റേഷൻ നൽകിയിട്ടുള്ള മികവിന്റെ കേന്ദ്രങ്ങൾ എന്നിവ മുഖേനയും വിവിധ മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പദ്ധതികൾ നടത്തി വരുന്നു. കൂടാതെ വ്യവസായിക പരിശീലന വകുപ്പിന്റെയും പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലും പ്രവർത്തിക്കുന്ന സർക്കാർ ഐ.ടി.ഐകളിലും, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൈവറ്റ് ഐ.ടി.ഐകളിലും കൂടി ഓരോ വർഷവും 56,000 ട്രെയിനികൾക്ക് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ പരിശീലനവും നൽകി വരുന്നു. |

| | | |
|---|---|---|
| (ബി) സംസ്ഥാനത്തെ എല്ലാ ഐ.ടി. ഐ.കളെയും അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്താനായി ചെയ്തു വരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | | (ബി) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐകളെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐകളാക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐ കളിൽ അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നതു് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നെ ചുമതലപ്പെടുത്തുകയും കയ്യൂർ, കണ്ണൂർ, കൊയിലാണ്ടി, മലമ്പുഴ, ചെങ്ങന്നൂർ എന്നീ ഐ.ടി.ഐകളുടെ ഡി.പി.ആർ കിഫ്ബി പോർട്ടലിലേയ്ക്ക് അപ്-ലോഡ് ചെയ്യുകയും ചെയ്തു. മറ്റ് അഞ്ച് ഐ.ടി.ഐ കളുടെ ഡി.പി.ആർ കിഫ്ബി പോർട്ടലിലേയ്ക്ക് അപ്-ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ KASE സ്വീകരിച്ചുവരുന്നു. പ്രസ്തുത ഡി.പി.ആർ കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.<br>ഇതിന് പുറമേ തിരുവനന്തപുരം ജില്ലയിലെ ഗവ: ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ:ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിവലാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| (സി) പരമ്പരാഗത വ്യവസായ മേഖലയിലും ചെറുകിട വ്യവസായ മേഖലയിലും അനുഭവപ്പെടുന്ന വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യത പരിഹരിക്കാൻ കഴിയുന്ന രീതിയിൽ പരിശീലന പദ്ധതി പുനഃസംഘടിപ്പിക്കാനും വിപുലീകരിക്കാനും പദ്ധതി യുണ്ടോ; ഇൻഡസ്ട്രി | | (സി) അനുയോജ്യമായ പ്രോപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് സെന്റർ ഓഫ് എക്സലൻസ്, അക്രഡിറ്റേഷൻ പ്രോഗ്രാം തുടങ്ങിയ KASE ന്റെ നൈപുണ്യ വികസന പദ്ധതികൾ മുഖേന പരമ്പരാഗത വ്യവസായ മേഖലയിലും ചെറുകിട വ്യവസായ മേഖലയിലും അനുഭവപ്പെടുന്ന വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യത |

| | | |
|---|---|---|
| ഇൻസ്റ്റിറ്റ്യൂട്ട് സഹകരണം വിപുലീകരിക്കാൻ പരിപാടി യുണ്ടോ; | | പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കേന്ദ്രീകൃതമാക്കുന്നതിനുമുള്ള ഭരണ സംബന്ധമായ ചട്ടക്കൂട് രൂപീകരിച്ചതിന്റെ ഭാഗമായി സംസ്ഥാന നൈപുണ്യ വികസന മിഷൻ ഒരു സ്കിൽ സെക്രട്ടേറിയേറ്റായി പ്രവർത്തിക്കുകയും വിദ്യാഭാസ വിചക്ഷണർ, വ്യവസായ പ്രമുഖർ, വിവിധ സ്ഥാപനങ്ങൾ/ വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടു കൊണ്ട് സ്കിൽ സെക്രട്ടേറിയേറ്റിനു ഒരു think – tank ആയി പ്രവർത്തിക്കാൻ വേൾഡ് സ്കിൽ ലൈസിയം (World Skill Lyceum) വിഭാവനവും ചെയ്തിട്ടുണ്ട്. നൈപുണ്യ പ്രവർത്തനവുമായി ബന്ധപ്പെട്ടുന്ന കാര്യങ്ങൾക്കുള്ള സുപ്രധാന ഉപദേശങ്ങൾ സ്കിൽ സെക്രട്ടറിയേറ്റിനു നൽകുന്നതിനായി ഓരോ മേഖലയിലും ഒരു ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതാണ്. ഓരോ മേഖലയിലെയും ബിസിനസ്സ് അഡ്വൈസറി കമ്മിറ്റികളിൽ അതതു മേഖലകളിലെ വ്യവസായ പ്രതിനിധികളും അംഗങ്ങളായിരിക്കും. ഇത്തരത്തിൽ വ്യവസായ പ്രതിനിധികളുടെ സാന്നിദ്ധ്യം ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് സഹകരണം വിപുലീകരിക്കുന്നതിന് സഹായകമാകും. |
| (ഡി) തൊഴിലന്വേഷകർക്ക് അനുയോജ്യ മേഖലയിൽ തൊഴിൽ കണ്ടെത്താൻ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; സംരംഭകത്വ വികസന ക്ലബ്ബുകളുടെ പ്രവർത്തനം സംബന്ധിച്ച വിവരം നൽകാമോ? | | (ഡി) എംപ്ലോയബിലിറ്റി സെന്ററുകൾ നടത്തുന്ന തൊഴിൽ മേളകൾ തൊഴിലന്വേഷകർക്ക് അനുയോജ്യ മേഖലയിൽ തൊഴിൽ കണ്ടെത്താൻ പ്രയോജനപ്പെട്ടുന്ന പദ്ധതികളിൽ ഒന്നാണ്. കൂടാതെ തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഒരു കുടക്കീഴിൽ എത്തിക്കുവാനും ഏകോപിപ്പിക്കുന്നതിനും ആയി വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വെബ് അധിഷ്ഠിത ജോബ് പോർട്ടൽ സംവിധാനവും നിലവിലുണ്ട്.<br>വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള എല്ലാ ഐ.ടി.ഐ കളിലെയും പരിശീലനം ലഭിച്ചുകൊണ്ടിരിക്കുന്ന ട്രെയിനികളിൽ സംരംഭകത്വം വളർത്തി എടുക്കുവാനും സംരംഭകത്വപരിശീലനം നൽകി പുതു |

| | | |
|---|---|---|
| | | സംരംഭകരെ വാർത്തെടുക്കുവാനുമായി ടി സ്ഥാപനങ്ങളിൽ ഓരോ സംരംഭകത്വ വികസന ക്ലബ് (ഇ.ഡി. ക്ലബ്) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. നിലവിൽ 80 സർക്കാർ ഐ.ടി.ഐകളിൽ ഇ.ഡി. ക്ലബുകൾ പ്രവർത്തിക്കുന്നുണ്ട്. ടി ക്ലബുകൾ മുഖേന വ്യവസായ ബോധവൽക്കരണ ക്ലാസ്സുകൾ വായ്പാ പദ്ധതികളെപറ്റിയുള്ള സെമിനാറുകൾ, ചെറുകിട വ്യവസായങ്ങളുടെ പ്രസക്തി, ഊർജ്ജ സംരക്ഷണം, സാമ്പത്തിക സാക്ഷരത, വൈദ്യുതി സുരക്ഷ ബോധവൽക്കരണം എന്നിവയെക്കുറിച്ചുള്ള ക്ലാസ്സുകൾ, സംരംഭകത്വത്തെ ആസ്പദമാക്കി മോട്ടിവേഷൻ ക്ലാസ്സുകൾ, കുട നിർമ്മാണം , എൽ.ഇ.ഡി ട്യൂബ് നിർമ്മാണം, സോളാർ സിസ്റ്റം മെയിന്റനൻസ്, കൈത്തറി തുടങ്ങിയ ചെറുകിട വ്യവസായ പരിശീലന പദ്ധതികളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ